**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5882** **09-07-2024 - ൽ മറുപടിയ്ക്ക്**

**എ.എൻ.പി.ആർ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെകഗ്നിഷൻ) ക്യാമറ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രധാന സംസ്ഥാനാന്തര ചരക്ക് നീക്ക കേന്ദ്രങ്ങളിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെകഗ്നിഷൻ (എ.എൻ.പി.ആർ.) ക്യാമറ സംവിധാനം ഉപയോഗിച്ച് ചരക്ക് വാഹനങ്ങളുടെ നമ്പർ പ്ലേറ്റുമായി ബന്ധിപ്പിച്ച ഇ-വേ ബിൽ ഡേറ്റ വിശകലനം ചെയ്ത് സർക്കാരിന് വിവരങ്ങൾ ലഭ്യമാക്കുന്ന സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ചെക്ക്പോസ്റ്റ് സംവിധാനം നിർത്തലാക്കിയതിനെ തുടർന്ന് വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട അതിർത്തിപ്രദേശങ്ങളിൽ ഓട്ടോ മാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (എ.എൻ.പി.ആർ) ക്യാമറ സംവിധാനം സ്ഥാപിച്ച് മതിയായ രേഖകൾ (ഇ -വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കു വാഹനങ്ങളുടെ വിവരം SMS അലർട്സ് ആയി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിലൂടെ അന്തർ സംസ്ഥാന ചരക്കു നീക്കം സുഗമമായി നിരീക്ഷിക്കാനും ഇ -വേ ബിൽ ഉപയോഗിച്ചുള്ള വാണിജ്യ ഇടപാടുകൾ സമയം നഷ്ടപ്പെടാതെയും വാഹന ചുമതലയുള്ളവരെ ബുദ്ധിമുട്ടിക്കാതെയും ഫലപ്രദമായി പരിശോധിക്കാനും നികുതി വെട്ടിപ്പ് തടയാനും ഒരു പരിധിവരെ സാധിക്കുന്നു. ഒൻപത് ജില്ലകളിലായി ഇരുപത്തിരണ്ട് സ്ഥലങ്ങളിൽ എ.എൻ. പി . ആർ ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചു വരുന്നു തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ നടുപ്പുണി, വേലന്താവളം മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് ജില്ലയിൽ കുഞ്ഞിപ്പള്ളി,വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി കാസർഗോഡ് ജില്ലയിൽ പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. |
| (ബി) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ പ്രസ്തുത സംവിധാനം സംസ്ഥാനത്തിന് എത്രത്തോളം പ്രയോജനകരമാണ്; കൂടുതൽ പുതിയ | (ബി) | **സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ കീഴിൽ 22 സ്ഥലങ്ങളിൽ എ.എൻ.പി.ആർ ക്യാമറകൾ സ്ഥാപിച്ച് ആയവയെ എൻഫോഴ്സ്മെന്റ്** |

| | | | |
|---|---|---|---|
| | എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ ? | | **സ്ക്വാഡുകളുമായി ബന്ധിപ്പിച്ച് കൊണ്ട് നിരീക്ഷണം നടത്തി വരുന്നുണ്ട്. ഇ-വേ ബിൽ ഇല്ലാതെ കടന്നു വരുന്ന വാഹനങ്ങൾ, 48 മണിക്കൂറിനുള്ളിൽ ഒന്നിലധികം ക്യാമറകൾക്കു മുന്നിലൂടെ കടന്നു പോകുന്ന വാഹനങ്ങൾ, അസാധുവായ രജിസ്ട്രേഷൻ നമ്പറുള്ള വാഹനങ്ങളിൽ നടത്തുന്ന ചരക്കുനീക്കം, നികുതി വെട്ടിപ്പിന് സാധ്യതയുള്ള സാധനങ്ങൾ കയറ്റി വരുന്ന വാഹനങ്ങൾ, മുൻപ് ക്രമക്കേടുകൾ നടത്തിയിട്ടുള്ള വാഹനങ്ങൾ വഴിയുള്ള ചരക്കു നീക്കം എന്നിവ പരിശോധന നടത്തുകയും, ക്രമക്കേടു കണ്ടെത്തുന്ന കേസുകളിൽ നിയമ പരമായ നടപടികൾ എടുക്കുന്നതിനും പ്രസ്തുത സേവനം ഉപയോഗപ്രദമാണ്. പുതിയ എ എൻ പി ആർ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ നിലവിലില്ല.** |

സെക്ഷൻ ഓഫീസർ